**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **14-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2023-നെ ചെറുധാന്യ വർഷമായി കേന്ദ്രസർക്കാരും ഐക്യരാഷ്ട്ര സംഘടനയും പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഐക്യരാഷ്ട്ര സംഘടനയും ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള FAO (Food and Agricultural Orgnisation) യും ചെറുധാന്യങ്ങൾ പ്രദാനം ചെയ്യുന്ന ആരോഗ്യവും അവയുടെ പോഷകഗുണങ്ങളും സംബന്ധിച്ച് ബോധവൽക്കരണം നൽകുകകയെന്ന ഉദ്ദേശ്യത്തോടെ 2023 വർഷത്തെ ചെറുധാന്യ വർഷ(international Year of Millets)മായി പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാർ 2023 വർഷത്തെ ചെറുധാന്യ വർഷമായി അംഗീകരിക്കുകയും ചെയ്തിരുന്നു.<br><br>മനുഷ്യശരീരത്തിന് ആരോഗ്യം പ്രദാനം ചെയ്യുന്ന ഘടകങ്ങളോടൊപ്പം ശരീരത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കുള്ള അവശ്യധാതുക്കളായ മഗ്നീഷ്യം, ഫോസ്ഫറസ്, ഇരുമ്പ് എന്നിവയും ചെറുധാന്യങ്ങളിൽ അടങ്ങിയിട്ടുണ്ട്. ജീവിത ശൈലീ രോഗങ്ങളെ ചെറുക്കുന്നതിനും ചെറുധാന്യങ്ങൾ സഹായിക്കുന്നു.<br><br>പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ മുഖേന റാഗി വിതരണം നടത്തുന്നതിനായി, 2023 മാർച്ച് മാസത്തെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തി, ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി വിഹിതം FCI മുഖേന ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ 2023 ജൂൺ മുതലാണ് സംസ്ഥാനത്തെ റേഷൻകടകൾ മുഖേനയുള്ള വിതരണം ആരംഭിച്ചത്. FCI യിൽ നിന്ന് ലഭ്യമാകുന്ന റാഗി, സപ്ലൈകോ മുഖേന പൊടിയാക്കി 1 കി.ഗ്രാം വരുന്ന പായ്ക്കറ്റുകളിലാണ് വിതരണം നടത്തുന്നത്. എ.എ.വൈ., മുൻഗണനാ വിഭാഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കാർഡൊന്നിന് 1 പായ്ക്കറ്റെന്ന രീതിയിൽ യഥാക്രമം 8 രൂപ, 10 രൂപ നിരക്കിലാണ് വിതരണം നടത്തി വരുന്നത്. പ്രധാനമായും ആദിവാസി മേഖലകളെ ലക്ഷ്യമാക്കിയാണ് റാഗിപ്പൊടിയുടെ വിതരണം ക്രമീകരിച്ചിരിക്കുന്നത്. റാഗി വിതരണത്തിലൂടെ, മാറി വരുന്ന ഭക്ഷ്യ സംസ്കാരത്തിൽ നിന്ന് അവരുടെ തനതു ഭക്ഷണപാരമ്പര്യം തിരികെപിടിക്കുന്നതിന് ഒരു പരിധിവരെ ഇത് സഹായകരമാണ്. എന്നാൽ ആവശ്യകതയ്ക്കനുസരിച്ച് കൃത്യമായി ലഭ്യമാകാത്തതിനാൽ, വിതരണത്തിൽ തടസ്സം ഉണ്ടായിട്ടുണ്ട്. 2023 മാർച്ച് മാസത്തെ അലോട്ട്മെന്റായി 991 മെ.ടൺ റാഗിയും 2023 ജൂൺ മാസത്തെ അലോട്ട്മെന്റായി 517 മെ.ടൺ റാഗിയുമുൾപ്പെടെ ആകെ 1508 മെ.ടൺ റാഗിയാണ് സംസ്ഥാനത്തിന് ലഭ്യമായത്. തുടർന്നും റാഗിക്കുള്ള ആവശ്യകത കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഖണ്ഡം A യുടെ മറുപടി കണ്ടാലും |
| (സി) | ജീവിതശൈലി രോഗങ്ങളെ ചെറുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻ കടകളിൽ റാഗി ഉൾപ്പെടെയുള്ള ചെറുധാന്യങ്ങളുടെ വിതരണം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഖണ്ഡം A യുടെ മറുപടി കണ്ടാലും |
| (ഡി) | റേഷൻ കടകളിലൂടെ റാഗി വിതരണം ചെയ്യാനുള്ള പദ്ധതി ഗോത്രമേഖലയിലെ തനതു ഭക്ഷണ പാരമ്പര്യം തിരികെ പിടിക്കുന്നതിനും അതുവഴി ഗോത്ര മേഖലയുടെ ശാക്തീകരണത്തിനും വഴിയൊരുക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഖണ്ഡം A യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ